**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല – വരിക്കാൻകുന്ന് മാവേലിസ്റ്റോർ പ്രവർത്തിക്കുന്നതിന് സ്വകാര്യ കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിനും വാടക വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3740/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 22/11/2017

പരാമർശം:- വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21/08/2017 ലെ A1/7733/10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വെള്ളൂർ ഗ്രാമപഞ്ചായത്തിലെ വരിക്കാൻകുന്ന് മാവേലിസ്റ്റോറിന്റെ പ്രവർത്തനത്തിന് സ്വകാര്യ കെട്ടിടം വാടകയ്ക്ക് എടുത്ത് അതാത് വർഷത്തെ എൽ.എസ്.ജി.ഡി നിരക്കിനനുസരിച്ച് വാടക നൽകുന്നതിനുള്ള അനുമതിയും, 01/09/2014 ന് ആരംഭിച്ച മാവേലി സ്റ്റോറിന് വെള്ളൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2017 ജൂൺ വരെ (22 മാസം) വാടകയിനത്തിൽ 7216/- രൂപ പ്രതിമാസനിരക്കിൽ ഗ്രാമ പഞ്ചായത്ത് നൽകിയ 158752/- രൂപയ്ക്ക് സാധൂകരണവും, തുടർന്നും 7216/- രൂപ നിരക്കിൽ പ്രതിമാസ വാടക വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതിയും നൽകണമെന്ന് പരാമർശ കത്ത് പ്രകാരം വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെള്ളൂർ ഗ്രാമപഞ്ചായത്തിലെ വരിക്കാൻകുന്ന് മാവേലിസ്റ്റോറിന്റെ പ്രവർത്തനത്തിന് സ്വകാര്യ കെട്ടിടം വാടകയ്ക്ക് എടുത്ത് അതാത് വർഷത്തെ എൽ.എസ്.ജി.ഡി നിരക്കിനനുസരിച്ച് വാടക നൽകുന്നതിനുള്ള അനുമതി നൽകിയും, 2017 ജൂൺ വരെ (22 മാസം) വാടകയിനത്തിൽ 7216/- രൂപ പ്രതിമാസനിരക്കിൽ ഗ്രാമ പഞ്ചായത്ത് നൽകിയ 1,58,752/- (ഒരു ലക്ഷത്തി അൻപത്തിയെട്ടായിരത്തി എഴുന്നൂറ്റി അൻപത്തി രണ്ട്) രൂപയ്ക്ക് സാധൂകരണം നൽകിയും, തുടർന്നും 7,216/- (ഏഴായിരത്തി ഇരുന്നൂറ്റി പതിനാറ്) രൂപ നിരക്കിൽ പ്രതിമാസ വാടക വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
**സിനി ജെ ഷുക്കൂർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പ്രസിഡന്റ്/ സെക്രട്ടറി, വെള്ളൂർ ഗ്രാമപഞ്ചായത്ത്, മേവെള്ളൂർ പി.ഒ, കോട്ടയം - 686609
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ